I/100080/2022

**ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടി ക്രമം**
**(സാന്നിദ്ധ്യം:- ശ്രീ.എസ്.ശ്രീജിത്ത് ഐ പി എസ്)**

വിഷയം:- മോട്ടോർ വാഹന വകുപ്പ് – I RAD Project Implementation എല്ലാ ഓഫീസുകളിലും വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള- നിർദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. മിനിട്സ് ഓഫ് മീറ്റിംഗ് 19/11/2022

2. 6/12/2022 തീയതിയിലെ റോഡ് സേഫ്റ്റി കമ്മീഷണറുടെ യോഗം

**ഉത്തരവ് നമ്പർ.എം ഐ ടി2/6/2021 തീയതി 08-12-2022**

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Ministry of Road Transport and Highways - ന്റെ സംരംഭമായ iRAD എന്ന Software/web application രാജ്യത്തെ മുഴുവൻ റോഡ് അപകടങ്ങൾ സംബന്ധിച്ച് അനുബന്ധമായ എല്ലാ വിവരങ്ങളും ക്രോഡീകരിച്ച് അവ വിശകലനം ചെയ്ത്, അപകടങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്ന ലക്ഷ്യത്തിനുള്ളതാണ്. വാഹനാപകടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുക എന്ന ഉത്തരവാദിത്വം മോട്ടോർ വാഹന വകുപ്പിൽ നിക്ഷിപ്തമാണ്. നിലവിലുള്ള പാരമ്പര്യ രീതിയിൽ നിന്നും മാറി വാഹനാപകടവുമായി നേരിട്ടും അല്ലാതെയും ബന്ധമുള്ള വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ലഭ്യമാകുന്ന വിവരങ്ങൾ ക്രോഡീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിൽ വരുത്തിയ iRAD കേരളത്തിലെ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വിജയിച്ചിട്ടുള്ളതാണ്. ഇതിന് തുടർച്ച എന്നോളം കേരളത്തിലെ മുഴുവൻ ജില്ലകളിലും ഈ സംവിധാനത്തിലൂടെ അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് വകുപ്പ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾക്കും Admin ID - യും, ഈ ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിന് അനുസരിച്ച് USER ID - യും സൃഷ്ടിച്ച് ഉത്തരവാദിത്തപ്പെട്ടവർക്ക് ആയതിന്റെ വിവരങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ Software ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം എല്ലാ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

08.12.2022 തീയതി മുതൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും iRAD എന്ന Software/web application ഉപയോഗിച്ച് മാത്രമേ അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പാടുള്ളു, iRAD ന്റെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പോലീസ് സ്റ്റേഷനിൽ നിന്നും വാഹന പരിശോധനയ്ക്കുള്ള അപേക്ഷ (AIR) ഓഫീസിൽ ലഭിച്ച ശേഷം 48 മണിക്കൂറിനുള്ളിൽ വാഹന പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകേണ്ടതാണ്. 48 മണിക്കൂറിനുള്ളിൽ വാഹന പരിശോധന പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം അതാത് ഓഫീസിലെ ജോയിന്റ് ആർ.ടി.ഒ മാരിൽ നിക്ഷിപ്തമാണ്.
2. അധികാര പരിധിയിലല്ലാത്തതോ, തെറ്റായതോ ആയ അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ

അത്തരം അപേക്ഷ ലഭിച്ച് എത്രയും വേഗത്തിൽ iRAD Software - ലൂടെ തന്നെ ജോയിന്റ് ആർ.ടി.ഒ.മാർ കാര്യ കാരണം Remarks കോളത്തിൽ രേഖപ്പെടുത്തി Reject ചെയ്യേണ്ടതാണ്. അപേക്ഷ ലഭിക്കുന്നത് ഓഫീസ് പ്രവൃത്തി സമയത്തിന് ശേഷമാണെങ്കിൽ തൊട്ടടുത്ത ദിവസം രാവിലെ തന്നെ Reject ചെയ്യേണ്ടതാണ്.

3. ഓരോ ആർ.ടി/സബ് ആർ.ടി ഓഫീസുകളുടെ അധികാര പരിധി കൃത്യമായി അതാത് പോലീസ് സ്റ്റേഷനുകളിൽ രേഖാമൂലം അറിയിച്ച് അതനുസരിച്ച് വാഹന പരിശോധന അപേക്ഷകൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.
4. എല്ലാ ജോയിന്റ് ആർ.ടി.ഒ മാരും തങ്ങളുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലേക്ക് വാഹന പരിശോധനയ്ക്കായി ഉദ്യോഗസ്ഥന്മാരെ നിയോഗിച്ച് ഉത്തരവ് ഇറക്കേണ്ടതാണ്.
5. ഏതെങ്കിലും ഉദ്യോഗസ്ഥർ അവധിയിലോ, മറ്റ് ജോലികൾക്കോ നിയോഗിക്കുകയാണെങ്കിൽ പകരം മറ്റൊരു ഉദ്യോഗസ്ഥന് ചുമതല നൽകി സമയ ബന്ധിതമായി വാഹന പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് iRAD മുഖേന upload ചെയ്യിക്കേണ്ടതിന്റെ ഉത്തരവാദിത്വം അതാത് ജോയിന്റ് ആർ.ടി.ഒ മാരിൽ നിക്ഷിപ്തമാണ്.

ഒരു ഓഫീസിലെ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ അപകടങ്ങളിൽ ഉൾപ്പെട്ട വാഹന പരിശോധനക്കായി അതാത് താലൂക്കിലേക്ക് നിയോഗിക്കപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സേവനം, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ യുടെ അനുമതിയോടെ ജോയിന്റ് ആർ.ടി.ഒ.മാർക്ക് ഉപയോഗിക്കാവുന്നതാണ് .

Signed by
S Sreejith I P S
Date: 08-12-2022 14:26:31

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ്,

1. എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
3. എല്ലാ ജോയിന്റ് റീജിയണല് ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ്:-

1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
2. അഡിഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
3. ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.റ്റി.എ
4. ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെൻറ്)
5. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ
6. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7. സീനിയർ ലോ ഓഫീസർ